LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

313 (1787) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് നൽകിവരുന്നത്;

(ബി) ഓരോന്നിനും എത്ര ഉക വീതമാണ് നിലവിൽ നൽകി വരുന്നത്;

(സി) ഇവയിൽ ഓരോന്നും നിലവിൽ കുടിശ്ശികയിനത്തിൽ എത്ര ഉക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ.

(ബി)

ക്രമ നമ്പർ	ക്ഷേമ പെൻഷനുകളുടെ പേര്	പ്രതിമാസ വിഹിതം (രൂപയിൽ)
1	വികലാംഗപെൻഷൻ	800
	80%വും അതിനുമുകളിലും വൈകല്യമുള്ളവർക്ക്	1100
2	അഗതി (വിധവ) പെൻഷൻ	800
3	ദേശീയ വാർദ്ധക്യകാല പെൻഷൻ	600
	80 വയസ്സിനുമുകളിൽ പ്രായമുള്ളവർ	1200
4	50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	800

(സി) ക്ഷേമപെൻഷനുകളുടെ കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ക്ഷേമ പെൻഷനുകളുടെ പേര്	കുടിശ്ശിക ഉക
1	വികലാംഗപെൻഷൻ	166,69,68,167
2	അഗതി (വിധവ) പെൻഷൻ	553,19,82,532
3	ദേശീയ വാർദ്ധക്യകാല പെൻഷൻ	366,09,21,915
4	50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	35,88,57,856